# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത ജനനങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3301 19.06.2019- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 1970-ന് മുമ്പുള്ളതും തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതുമായ ജനനങ്ങൾ നിലവിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച സർ-ക്കാർ ഉത്തരവ് നിലവിലുണ്ടോ; | (എ) | 01.04.1970-ന് മുമ്പ് നടന്ന ജനനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ആയത് 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13(3) അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ചീഫ് രജിസ്ട്രാറുടെ 19/6/1998-ലെ ബി3-11904/1998 നമ്പർ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതുമായി ബന്ധ-പ്പെട്ട നടപടിക്രമങ്ങൾ വിശദമാ-ക്കുമോ ; | (ബി) | 01.04.1970-ന് മുമ്പ് നടന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ ലഭിക്കുമ്പോൾ രജിസ്ട്രാർ വ്യക്തമായി അന്വേഷണം നടത്തി രജിസ്ട്രേഷൻ യൂണിറ്റിന്റെ പരിധിയ്ക്കുള്ളിലാണ് ജനനം നടന്നതെന്നും, സംഭവം നടന്നതിനു മുമ്പും പിമ്പുമുള്ള മൂന്ന് വർഷങ്ങളിലേയും ജനന രജിസ്റ്ററുകൾ പരിശോധിച്ച് ആയത് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ഉറപ്പ് വരുത്തുകയും, സംഭവം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. അതിനു ശേഷം |

| | | | |
|---|---|---|---|
| | | | പ്രസ്തുത ജനനം രജിസ്റ്റർ ചെയ്യുന്നതിന് അനുമതിയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകുന്നു. ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ വിശദമായി അന്വേഷണം നടത്തി വസ്തുതകൾ ബോദ്ധ്യപ്പെട്ടതിനു ശേഷം അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവ് ലഭിച്ചതിന് ശേഷം അതാത് രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യുന്നു. |
| (സി) | അതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിന്റെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചീഫ് രജിസ്ട്രാറുടെ 19/6/1998-ലെ ബി3-11904/1998 നമ്പർ സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പി. കമാൽകുട്ടി ഐ.എ.എസ്.
ചീഫ് രജിസ്ട്രാർ (ജനന-മരണ) ആന്റ്
പഞ്ചായത്ത് ഡയറക്ടർ

നംപർ ബി3. 11904/98

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, 19/6/1998

## സർക്കുലർ

വിഷയം :- 1-4-1970ന് മുമ്പുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- 1. ഈ ആഫീസിലെ 12-6-1990-ലെ ബി1 - 53872/89-ാം നംപർ സർക്കുലർ

2. ഈ ആഫീസിലെ 24-3-97-ലെ ബി1- 19048/95-ാം നംപർ സർക്കുലർ

1-4-70ന് പ്രാബല്യത്തിൽ വന്ന 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിന് മുൻകാല പ്രാബല്യമില്ലെന്ന് ബഹു: കേരള ഹൈക്കോടതിയിലെ ഒ.പി. 7911/82-ാം നംപർ കേസ്സിലെ വിധിന്യായത്തിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ 1-4-1970ന് മുമ്പുള്ള ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് സൂചന ഒന്നിലെയും രണ്ടിലെയും സർക്കുലറുകളിൽ നിർദ്ദേശിച്ചിരുന്നു.

എന്നാൽ 1998(1) കെ.എൽ.റ്റി. 683 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒ. പി. 1671/92-ാം നംപർ കേസിലെ വിധിന്യായത്തിൽ ബഹു: ഹൈക്കോടതിയിലെ ഫുൾ ബഞ്ച് 1-4-70ന് മുമ്പുള്ള ജനനം യഥാസമയം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയത് സെക്ഷൻ 13 അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ 1-4-70ന് മുമ്പ് നടന്ന ജനന മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ആയത് 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13(3) അനുസരിച്ച് ഇപ്പോൾ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഇത്തരം സംഗതികളിൽ അപേക്ഷകൾ ലഭിക്കുമ്പോൾ ജനന-മരണ രജിസ്ട്രാർ വ്യക്തമായി അന്വേഷണം നടത്തി രജിസ്ട്രേഷൻ യൂണിറ്റിന്റെ പരിധിക്കുള്ളിലാണ് ജനനം അല്ലെങ്കിൽ മരണം നടന്നതെന്നും, സംഭവും നടന്നതിനു മുമ്പും പിമ്പുമുള്ള മൂന്ന് വർഷങ്ങളിലെയും ജനന മരണ രജിസ്റ്ററുകൾ പരിശോധിച്ച് ആയത് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽമേൽ റവന്യൂ ഡിവിഷണൽ ആഫീസർമാർ വിശദമായി അന്വേഷണം നടത്തി വസ്തുതകൾ ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കാവൂ.

നിയമത്തിന്റെ ആനുകൂല്യം ഒരു കാരണവശാലും ദുർവിനിയോഗം ചെയ്യപ്പെടുന്നില്ലെന്ന് എല്ലാ ജനന-മരണ രജിസ്ട്രാർമാരും, റവന്യൂ ഡിവിഷണൽ ആഫീസർമാരും ഉറപ്പു വരുത്തേണ്ടതും പരാതികൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

(ഒപ്പ്)
പി.കമാൽക്കുട്ടി ഐ.എ.എസ്.
ചീഫ് രജിസ്ട്രാർ(ജനന-മരണ) ആന്റ്
പഞ്ചായത്ത് ഡയറക്ടർ

സെക്ഷൻ ഓഫീസർ